ധനകാര്യ വകുപ്പിന്റെ അംഗീകാരമില്ലാതെ പുതിയ തസ്തികകൾ സൃഷ്ടിക്കരുത്, രജിസ്ട്രേഷൻ വകുപ്പ് അടിയന്തരമായി ഇ-സ്റ്റാമ്പിംഗ് സൗകര്യം ആരംഭിക്കേണ്ടതാണ്, അധിക വിഭവ സമാഹരണത്തിനായി വിവിധ വകുപ്പുകളുടെ പക്കൽ തീരുമാനമാകാതെ ശേഷിക്കുന്ന ശുപാർശകൾ അടിയന്തിരമായി തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുക, റവന്യൂ കുടിശ്ശിക പിരിച്ചെടുക്കുന്നതിനായി വിവിധ വകുപ്പുകൾ ഊർജ്ജിത നടപടികൾ കൈക്കൊള്ളേണ്ടതാണ്, വിവിധ നിർമ്മാണ പ്രവൃത്തിക്കുള്ള ഭരണാനുമതി ബഡ്ജറ്റിലെ ബന്ധപ്പെട്ട ശീർഷകങ്ങളിൽ ലഭ്യമായ തുകയുടെ പരമാവധി 150% വരെ മാത്രമേ നൽകാവൂ തുടങ്ങിയ നിർദ്ദേശങ്ങളാണ് നൽകിയിട്ടുള്ളത്. കൂടാതെ നോൺ പ്ലാൻ ചെലവുകൾ ബഡ്ജറ്റ് പ്രൊവിഷനുള്ളിൽ തന്നെ നിർത്തേണ്ടതാണ്, അംഗീകരിക്കപ്പെട്ടതും മുൻകൂട്ടി ഏറ്റെടുത്തിട്ടുള്ളതുമല്ലാത്ത വിദേശയാത്രകൾ അനുവദിക്കുന്നതല്ല, വകുപ്പുകളിൽ പുതുതായി വാഹനങ്ങൾ വാങ്ങുന്നതിനു പകരമായി വാഹനം വാടകയ്ക്ക് മാത്രമേ എടുക്കാവൂ, പുതുതായി ആരംഭിക്കുന്ന ഓഫീസുകളിൽ വാടകയ്ക്ക് മാത്രമേ വാഹനം അനുവദിക്കാവൂ തുടങ്ങിയ നിർദ്ദേശങ്ങളും 5-8-2013-ലെ സ.ഉ. (പി) നമ്പർ 382/2013/ ധന, 11-10-2013-ലെ സ.ഉ. (പി) നമ്പർ 515/2013/ധന നമ്പർ ഉത്തരവുകൾ പ്രകാരം നൽകിയിട്ടുണ്ട്.

ദിവസ വേതന ജീവനക്കാർക്ക് നൽകുന്ന വേതനം

121 (7957) ശ്രീ. ഇ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ സ്ഥാപനങ്ങളിൽ ദിവസവേതനത്തിനു ജോലി ചെയ്യുന്ന ജീവനക്കാർക്ക് ഒരു ദിവസം നൽകുന്ന വേതനം എത്രയാണെന്നു വ്യക്തമാക്കുമോ ;

(ബി) ഈ മേഖലയിൽ അവസാനമായി വേതനം വർദ്ധിപ്പിച്ചത് എത് ഉത്തരവുപ്രകാരമാണ് ;

(സി) വിലക്കയറ്റവും നാണ്യപ്പെരുപ്പവും വർദ്ധിക്കുകയും സംസ്ഥാനത്ത് എല്ലാ മേഖലയിലും വേതന വർദ്ധനവ് ഉണ്ടാവുകയും ചെയ്തിട്ടുള്ള സാഹചര്യത്തിൽ സർക്കാർ സ്ഥാപനങ്ങളിലെ ദിവസവേതനക്കാരുടെ വേതന വർദ്ധനവ് ഗവൺമെന്റ് പരിഗണിക്കുമോ ;

(ഡി) എങ്കിൽ ഇതു സംബന്ധിച്ച് ഉത്തരവു പുറപ്പെടുവിക്കുവാൻ എന്തു നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) വിവിധ വിഭാഗങ്ങളിൽപ്പെട്ട ദിവസ വേതന ജീവനക്കാരുടെ നിലവിലെ ദിവസ വേതനം ഇപ്രകാരമാണ്:

കാറ്റഗറി	ദിവസ വേതനം ₹
1. ക്ലാർക്ക്	350
2. ടൈപ്പിസ്റ്റ്	350
3. ചെയിൻമാൻ	300
4. സെക്യൂരിറ്റി ഗാർഡ്	350
5. ക്ലാസ്സ് IV	300
6. ഗവൺമെന്റ് പ്രസ്സിലെ ജീവനക്കാർ	300
7. പമ്പ് ഓപ്പറേറ്റർ	350
8. ഡ്രൈവർ	400
9. ഡാറ്റാ എൻട്രി ഓപ്പറേറ്റർ	350
10. കമ്പ്യൂട്ടർ ഓപ്പറേറ്റർ/ജൂനിയർ പ്രോഗ്രാമർ	450

(ബി) ഒന്ന് മുതൽ ഏഴ് വരെ വിഭാഗങ്ങളിൽപ്പെട്ടവരുടെ വേതനം G.O.(P) No. 204/2011/Fin dated 2-5-2011 ഉത്തരവ് മുഖേനയും ഡ്രൈവർ തസ്തികയുടെ വേതനം G.O.(P) No. 145/2013/Fin dated 30-3-2013 ഉത്തരവ് മുഖേനയും ഡാറ്റാ എൻട്രി ഓപ്പറേറ്റർ, കമ്പ്യൂട്ടർ ഓപ്പറേറ്റർ/ജൂനിയർ പ്രോഗ്രാമർ എന്നീ തസ്തികകളുടെ വേതനം G.O.(P) No. 264/2011/Fin dated 18-6-2011 ഉത്തരവ് മുഖേനയുമാണ് അവസാനമായി വർദ്ധിപ്പിച്ചത്.

(സി) സാധാരണയായി ശമ്പള പരിഷ്കരണ ഉത്തരവ് നിലവിൽ വന്നതിനുശേഷം അതിന്റെ അടിസ്ഥാനത്തിലാണ് ദിവസ വേതന ജീവനക്കാരുടെ വേതനവും വർദ്ധിപ്പിക്കുന്നത്.

(ഡി) ഇക്കാര്യം പരിശോധിക്കുന്നതാണ്.

റീ എംപ്ലോയ്മെന്റ് സാലറി

122 (7958) ശ്രീ. റ്റി. യു. കുരുവിള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1-7-2009-ന് റിട്ടയർ ചെയ്ത് തുടർന്നും മന്ത്രിമാരുടെ പേഴ്സണൽ സ്റ്റാഫിൽ റീ-എംപ്ലോയ്മെന്റ് വ്യവസ്ഥയിൽ ജോലി ചെയ്ത് വരുന്നവരുടെ 1-7-2009 മുതൽ പുതുക്കിയ നിരക്കിലുള്ള റീ-എംപ്ലോയ്മെന്റ് സാലറി ഏത് ഉത്തരവ് അനുസരിച്ചാണ് ക്രമീകരിക്കേണ്ടത്;